പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2001. 12-02-2013 -ൽ മറുപടിക്ക്.

## മദ്യാസക്തിയും മയക്ക് മരുന്ന് ഉപയോഗവും തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) യുവാക്കളിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും മയക്ക് മരുന്ന് ഉപയോഗവും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) യുവാക്കളിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും മയക്ക് മരുന്ന് ഉപയോഗവും നിയന്ത്രിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. റസിഡന്റ്സ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, യുവജന ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, N.S.S., കുടുംബശ്രീ, സാക്ഷരതാ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയുടെ സഹകരണത്തോടെ വിപുലമായ ബോധവൽക്കരണ പരിപാടികളാണ് ഫലപ്രദമായി നടപ്പാക്കി വരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നുമുണ്ട്. കൂടാതെ, വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാമത്സരം, വിദഗ്ദ്ധഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. സ്കൂളുകളിലും പ്രധാന കവലകളിലും എക്സൈസ് വകുപ്പ് നിർമ്മിച്ച, 'ദുരന്ത ലഹരി' എന്ന പേരിലുള്ള ഒരു ഡോക്യുമെന്ററി പ്രദർശിപ്പിച്ചു വരുന്നു. |
| (ബി) പ്രസ്തുത നടപടികൾമൂലം ഇവ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിലെ മദ്യവില്പനയിൽ, മുൻവർഷങ്ങളെ അപേക്ഷിച്ച്, വളർച്ചാ നിരക്കിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന അളവിന്റെ അടിസ്ഥാനത്തിൽ, 2010-11 വർഷത്തിൽ 21% വാർഷിക വിൽപ്പന വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരുന്നത് 7% കുറഞ്ഞ് 14% ആയിട്ടുണ്ട്. 2011-12 വർഷത്തിൽ 16% വാർഷിക വളർച്ചാ നിരക്ക് ഉണ്ടായിരുന്നത്, 2012-13 വർഷത്തിൽ 2% കുറഞ്ഞ് 14% ആയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ